

# വചനഭാഷ്യം
# അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

**പള്ളിക്കൂദാശ രണ്ടാം ഞായർ**

2023
നവംബർ 12



# സാബത്തിനെക്കാൾ ശ്രേഷ്ഠമായത്

പുറ 40:1-16, ഹെബ്രാ 8:1-6, മത്താ 12:1-13

ഞങ്ങൾ തൃശൂർക്കാർക്ക് ഒരു വർഷത്തെ കാത്തിരിപ്പാണ് വി.സെബസ്ത്യാനോസിന്റെ അമ്പ്തിരുന്നാളും പ്രദക്ഷിണവും. കുടുംബയൂണിറ്റുകൾക്ക് പകരമായി അന്ന് നാട്ടിൽ അമ്പ് സമുദായങ്ങളായിരുന്നു ഉണ്ടായിരുന്നത്. വി.സെബസ്ത്യാനോസിന്റെ അമ്പ് തിരുന്നാൾ നടത്തുന്ന പതിനഞ്ചോ ഇരുപതോ കുടുംബങ്ങളുടെ ഒരു കൂട്ടായ്മ. മാസവരിസംഖ്യയായി നൽകുന്ന തുക, ചെറിയ പലിശയ്ക്ക് സമുദായത്തിന്നുള്ളിൽ തന്നെ കടം കൊടുക്കും. അങ്ങനെ കടം വാങ്ങി തിരിച്ചടയ്ക്കാൻ പാങ്ങില്ലാതെ തിരുന്നാളിന്റെ ആഴ്ചയിൽ അത്രയൊന്നും ഉത്തരവാദിത്വമില്ലാത്ത ആ കുടുംബനാഥൻ എങ്ങോട്ടോ മുങ്ങി. 'കാശ് തരാതെ മുങ്ങിയവന്റെ വീട്ടിൽ അമ്പ് കയറ്റാൻ നിയമം അനുവദിയ്ക്കുന്നില്ലാ' എന്നും പറഞ്ഞ്, ആ കുടുംബത്തിന്റെ മുന്നിലൂടെ അടുത്ത വീട്ടിലേയ്ക്ക് പോകുന്ന അമ്പ് പ്രദക്ഷിണവും ബാൻഡ് മേളവും! തങ്ങളുടെ വീട്ടിലേയ്ക്കുള്ള ഇടവഴിയിലേയ്ക്ക് മുത്തുകുടകളും വിളക്കുകളും തിരിയുന്നത് കണ്ട് സന്തോഷത്തോടെ കാത്തു നിൽക്കുന്ന ആ വീട്ടുകാരെ നിരാശപ്പെടുത്തിക്കൊണ്ട് അടുത്ത വീട്ടിലേയ്ക്ക് അമ്പ് പ്രദക്ഷിണം കടന്നുപോകുമ്പോൾ, കണ്ണു നിറഞ്ഞും അമ്പരപ്പോടെയും നോക്കിനിൽക്കുന്ന ഒരു കുഞ്ഞനിയനെയും അനിയത്തിയേയും ഇന്നും ഓർത്തെടുക്കാൻ കഴിയുന്നുണ്ട്. ആ തിരുന്നാൾ ആ കുഞ്ഞനിയനും അനിയത്തിയും എന്നെങ്കിലും മറക്കുമോ?

### നിയമങ്ങൾ മനുഷ്യന് വേണ്ടിയാണ്, മറിച്ചല്ല.

'നിയമത്തിന് കണ്ണില്ല' എന്നാണ് നമ്മൾ പറയാറുള്ളത്. അത് നിയമവാഴ്ചയുടെ മഹത്വമായാണ് പൊതുവിൽ വിശദീകരിയ്ക്കപ്പെടാറുമുള്ളത്. നിയമം കർശനമായി നടപ്പാക്കും, നിയമം നിയമത്തിന്റെ വഴിയ്ക്ക് പോകും,



**സന്തോഷ് ചുങ്കത്ത്**

നിയമത്തിന് മുന്നിൽ എല്ലാവരും സമന്മാരാണ് എന്നൊക്കെ ദിനേന എത്രയോ തവണ പറയുന്നവരും കേൾക്കുന്നവരുമാണ് നമ്മൾ. ഒരൽപം നിയമത്തെകുറിച്ച് ചിന്തിച്ചാലോ?

## എന്താണ് നിയമം?

ഒരു സമൂഹത്തിലെ അംഗങ്ങളുടെ പൊതുവായ പെരുമാറ്റങ്ങൾക്കും പ്രവർത്തികൾക്കുമായുള്ള മാർഗരേഖയേയും, അവ പാലിച്ചില്ലെങ്കിലുള്ള അച്ചടക്ക നടപടികളെയും പൊതുവിൽ നമ്മൾ നിയമങ്ങൾ എന്ന് പറയുന്നു.

നിയമങ്ങൾ ഒരു പൊതുസമൂഹത്തിന്റെ ക്രമത്തിന് അത്യാന്താപേക്ഷിതമാണ്. ക്രമമില്ലാത്തിടത്ത് അക്രമം ഉണ്ടാകുമെന്ന് നമ്മളെല്ലാവരും ഭയപ്പെടുന്നു. പരിഷ്കൃത സമൂഹം നിയമങ്ങളിൽ ആശ്രയിയ്ക്കുകയും, നിയമവ്യവസ്ഥയെ അതുപോലെ ഭയപ്പെടുകയും ചെയ്യുന്നു. അന്യനെ കുറിച്ചുള്ള കരുതലല്ല, ശിക്ഷയെ പറ്റിയുള്ള ഭയമാണ് നിയമങ്ങൾ അനുസരിയ്ക്കുന്നതിന് മനുഷ്യരെ നിർബന്ധിയ്ക്കുന്ന ഘടകം എന്ന് സാരം. എങ്കിലും എല്ലാ പരിഷ്കൃത സമൂഹങ്ങളെയും പോലെ നിയമങ്ങൾ യഥാകാലം വിശകലനം ചെയ്യപ്പെടുകയും അതാത് കാലം ആവശ്യപ്പെടുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുകയും നവീകരിയ്ക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. പഴയ നിയമങ്ങൾ പുതുക്കേണ്ടതുണ്ട് എന്ന് സാരം.

## എങ്കിൽ എന്താണ് പുതിയ നിയമം?

പത്ത് കല്പനകളെ രണ്ടാക്കി സംഗ്രഹിയ്ക്കുമ്പോൾ ക്രിസ്തു അവയെ എല്ലാം ഒരൊറ്റ മാന്ത്രിക വാക്കുക്കൊണ്ട് മുദ്രവച്ചു. സ്നേഹം എന്നതാണ് ആ മൂലവാക്യം. നിയമങ്ങളുടെ അടിസ്ഥാനവും ആധാരവും ക്രിസ്തുവിന് സ്നേഹമാണ്. 'എല്ലാറ്റിനും ഉപരിയായി ദൈവത്തെ, പിന്നെ, അവനവനെ സ്നേഹിയ്ക്കുന്നതുപോലെ അയൽക്കാരനെയും സ്നേഹിയ്ക്കുക'. 'സ്നേഹം' എന്ന ഒറ്റ പദത്തിൽ മാത്രം ഊന്നിയാണ് ക്രിസ്തുവിന്റെ നിയമങ്ങളും നിയമാനുഷ്ഠാനവും നിലനിൽക്കുന്നതും പുലരുന്നതും. മറ്റെല്ലാം തിന്മയിൽ നിന്നും രൂപം കൊള്ളുന്നു. ഈ അടിസ്ഥാന ആശയം വച്ചു മാത്രമേ ഇന്നത്തെ സുവിശേഷ ഭാഗം നമുക്ക് ധ്യാനിക്കാനാവുകയുള്ളൂ.

ചരിത്രവും നിയമങ്ങളും ചിലകാര്യങ്ങളിൽ വല്ലാത്ത സമാനത പുലർത്താറുണ്ട്. 'എങ്ങനെ വ്യാഖ്യാനിക്കുന്നു' എന്നതിലാണ് പലപ്പോഴും അതിന്റെ നിലനിൽപ്പ് 'പ്രാർത്ഥിക്കുമ്പോൾ പുക വലിക്കാമോ' എന്ന ചോദ്യത്തിൽ നമുക്ക് തോന്നുന്ന അസ്വസ്ഥത 'പുകവലിക്കുന്ന നേരം പ്രാർത്ഥിക്കാമോ' എന്ന ചോദ്യത്തിൽ നമുക്ക് തോന്നാത്തതും ഈ വ്യത്യാസം കൊണ്ടാണ്. ഫരിസേയരും പുരോഹിത പ്രമാണികളും ഇങ്ങനെ മോശയുടെ നിയമങ്ങളെ അവർക്ക് തോന്നുംവണ്ണം വ്യാഖ്യാനിച്ച് വികൃതമാക്കിയ ഒരു കാലഘട്ടത്തിൽ നിന്നാണ് ക്രിസ്തു, തന്നെ തന്നെ 'സാബത്തിനെക്കാൾ വലിയവൻ' ആയി പ്രഖ്യാപിക്കുന്നത്. മറ്റൊരർത്ഥത്തിൽ, താൻ നിയമങ്ങളെക്കാൾ വലിയവനാണെന്നും, നിയമങ്ങളുടെ പൂർത്തീകരണം തന്നിലൂടെയാണ് സംഭവിക്കുന്നതെന്നും അവൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

## ദേവാലയങ്ങളെക്കാൾ ശ്രേഷ്ഠമായത്

പഴയനിയമത്തിൽ നമ്മൾ ഇസ്രായേൽ ജനത്തിൻറെ കൂടെനടന്ന ദൈവത്തെ വായിക്കുന്നുണ്ട്. വാഗ്ദത്തപെട്ടകത്തിലൂടെ അവരുടെ കൂടാരങ്ങൾക്ക് ചാരെ ദൈവം സഞ്ചരിച്ചു. പറുദീസയിൽ ആദിമാതാപിതാക്കളോട് ഒപ്പം സായാഹ്ന സവാരി നടത്തിയിരുന്ന അതേ ദൈവം! അവിടുന്ന് എപ്പോഴും തന്റെ ജനത്തോട് കൂടെയായിരിക്കാൻ ആഗ്രഹിച്ചവനാണ്. 'ഇമ്മാനുവേൽ!' പക്ഷെ ജനമാകട്ടെ അവനെ എപ്പോഴും തങ്ങളിൽ നിന്നും ദൂരെ നിർത്താൻ വ്യഗ്രതപെട്ടു. അനുദിനജീവിതത്തിൽ - നമ്മുടെ ദൈനംദിന ജീവിത വ്യാപാരങ്ങളിൽ അവനെ അകറ്റി നിർത്താൻ നമ്മൾ എന്തുമാത്രം പാടുപെടുന്നുണ്ടെന്നു ഒന്നോർത്ത് നോക്കിക്കേ. ഒടുവിൽ സോളമനാണ് ആദ്യത്തെ മഹാ ദേവാലയം പണിയുന്നത്. അവിടുന്നങ്ങോട്ട് നമ്മളെല്ലാവരും ദേവാലയങ്ങൾ പണിയുന്നതിലും അതിന്റെ മോടി കൂട്ടുന്നതിലും മാത്രം ശ്രദ്ധ പുലർത്തി. ദേവാലയങ്ങൾ അവഗണിയ്ക്കണമെന്നോ, അവ പുനരുദ്ധരിക്കേണ്ട എന്നൊന്നുമല്ല ഇവിടെ വിവക്ഷിയ്ക്കുന്നത്. എങ്ങനെയാണ് ദേവാലയം പണിയേണ്ടത് എന്ന ചോദ്യത്തിന് ഗുരു നൽകുന്ന ഉത്തരമുണ്ട്: "കല്ലുകൾ ചേർത്തുവച്ചല്ല ഹൃദയങ്ങൾ ചേർത്തുവച്ചാണ് നമ്മൾ ദേവാലയങ്ങൾ പണിയേണ്ടത് എന്ന്" ഹൃദയങ്ങളുടെ ഒരുമയിലാകണം ഇടവക സമൂഹം പണിതുയർത്തപെടേണ്ടത്. സ്നേഹത്തിന്റെ അഗാപെ അനുഭവം ഒരു ബലിപീഠത്തിനു ചുറ്റും സ്നേഹത്തിലൊന്നായ സമൂഹം. അതുകൊണ്ടാണ് ക്രിസ്തു ദേവലയങ്ങളെക്കാൾ ശ്രേഷ്ഠമായ ഒന്നിനെ സൂചിപ്പിയ്ക്കുന്നത്?

എന്താണ് ദേവാലയങ്ങളെക്കാൾ ശ്രേഷ്ഠമായത്? അത് മനുഷ്യനല്ലാതെ മറ്റെന്താണ്! ക്രിസ്തു മറ്റെന്തിനെക്കാളും മനുഷ്യനെ സ്നേഹിച്ചു. അത്യധികമായി സ്നേഹിച്ചു. ആ സ്നേഹമാണ് തന്നെ തന്നെ ബലിയർപ്പിക്കാൻ അവന് പ്രേരകമായത്. സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ എന്ന് നമ്മൾ പഠിക്കുന്നില്ലെങ്കിൽ ആ മനുഷ്യന്റെ മനുഷ്യ ജീവിതങ്ങളുടെ - മഹത്വത്തെ വീണ്ടെടുക്കാനാണ് അവൻ നമ്മളോട് ആവശ്യപ്പെടുന്നത്. ഫ്രാൻസീസ് പാപ്പ പറയുന്നത് പോലെ, 'ഓഹരിവിപണിയിൽ പത്ത് പോയന്റ് ഇടിയുന്നത് വലിയ വാർത്തയാകുകയും, ഭക്ഷണം കിട്ടാതെ 100 മനുഷ്യർ മരിച്ചുപോയത് വാർത്തയാകാതിരിയ്ക്കുകയും' ചെയ്യുന്ന വർത്തമാന കാലഘട്ടത്തിന്റെ ദുരന്തത്തെയാണ് നമ്മൾ ഭീതിയോടെ കാണേണ്ടത്. കാതങ്ങൾക്കപ്പുറം കുരുന്നുകൾ ഭീകരമായി കൊല്ലപ്പെടുന്നതിന്റെ വാർത്ത നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കുന്നില്ലെങ്കിൽ, വേദനിപ്പിക്കുന്നില്ലെങ്കിൽ, നമുക്കൊക്കെ കാര്യമായെന്തോ അപകടം പിണഞ്ഞിട്ടുണ്ടെന്നു മനസിലാക്കണം. അത് ഗാസയിലല്ലേ, ഉക്രൈനിൽ അല്ലെ, ആഫ്രിക്കയിൽ അല്ലെ, എന്നൊക്കെ ചിന്തിക്കുന്നത്, ഹൃദയത്തിന്റെ മാർദ്ദവവും മനസിന്റെ

തെളിമയും നഷ്ടമായത് കൊണ്ടാണ്. ഇവിടങ്ങളിൽ എല്ലാം അപമാനിക്കപ്പെടുന്നത്, ഭീകരമായി മർദ്ദിക്കപ്പെടുന്നത്, കൊല്ലപ്പെടുന്നത് മനുഷ്യനാണ്. മനുഷ്യന്റെ അന്തസ്സാണ് വലിച്ചുകീറപ്പെടുന്നത്. അതുകൊണ്ട് നമ്മൾ ഇനി പ്രാർത്ഥിക്കേണ്ടത്, ആ നഷ്ടമായ കുലീനതയും കാരുണ്യവും മനുഷ്യ സമൂഹം വീണ്ടെടുക്കാൻ വേണ്ടിയാണ്.

മനുഷ്യജീവന്റെ മൂല്യത്തെ മാനിക്കാൻ, അതിനെ ശ്രേഷ്ഠമായി കരുതാൻ നമുക്ക് കഴിയട്ടെ.

## ബലിയല്ല കരുണ

എത്രയാവർത്തി നമ്മൾ പറഞ്ഞുകഴിഞ്ഞതാണ്. ബലികൾ നിരന്തരം അർപ്പിക്കപെട്ടിട്ടും, അതിന്റെ ഫലങ്ങൾ കരുണയാൽ സ്നാനം ചെയ്യപെടാതെ പോകുന്നതെന്താണ്? കരുണ കരുണ എന്ന് എത്ര കരഞ്ഞിട്ടും ബലികൾ അർപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏതൊരു ബലിയർപ്പണവും കരുണയെ അതിശയിക്കുന്നില്ലെങ്കിൽ പിന്നെന്ത് ഫലം? കരുണയില്ലാതെ ബലിയർപ്പണം സാധ്യമാകുന്നതെങ്ങനെ എന്നാണ് ക്രിസ്തു ആശ്ചര്യപ്പെടുന്നത്. മതം ആചാരാനുഷ്ഠാനങ്ങൾ മാത്രമാകുമ്പോൾ സത്ത ചോർന്നുപോകുന്നു. മകൾക്ക് ഒരു അഡ്മിഷൻ ലഭിക്കാനായി അധികാര കേന്ദ്രങ്ങൾ കയറിയിറങ്ങി യാചിക്കുന്ന ആ സാധുവായ അപ്പനോട്, ‘പള്ളിയിലെ വലിയ ആളുകളെ വല്ലവരെയും അറിയാമോ, എന്നാലെ വല്ലതും നടക്കൂ,’ എന്ന് അവർ മറുപടി പറയുന്നു. അതിനയാൾ പറയുന്ന വാക്കുകളുടെ പ്രഹരശേഷി വലുതാണ്. ”കർത്താവിനെയല്ലാതെ മറ്റാരെയും അറിയില്ല” എന്ന്. ചോദ്യം ചോദിച്ചയാൾ പിറുപിറുത്ത് കൊണ്ട് പോകുന്നത് ഇങ്ങനെയാണ്. “അതുകൊണ്ടൊന്നും വല്ലതും നടക്കുമെന്ന് എനിയ്ക്ക് തോന്നുന്നില്ല ട്ടാ”

‘നന്മനിറഞ്ഞ മറിയം’ മാത്രം ചൊല്ലിയിരുന്നാൽ സഭ നടന്നുപോകില്ല എന്നാത്മഗതം നടത്തിയവരെ കുറിച്ചും നമ്മൾ കേട്ടിട്ടുണ്ട്, ഇല്ലേ?



നിയമവും സാബത്തും ആചാരങ്ങളുമെല്ലാം, മനുഷ്യന്റെ സ്വാസ്ഥ്യത്തിനും അന്തസ്സിനും തുണയാകുന്നതാകണം. പടുത്തുയർത്തുന്നതും വച്ചുകെട്ടുന്നതും ആത്മാഭിമാനം വളർത്തുന്നതുമാകണം. അത്മായൻ, സഭയിലെ അധികാരശ്രേണിയുടെ അവസാന പാദമാകുകയും, ദരിദ്രൻ വിതരണ ശൃംഘലയുടെ മുനമ്പിൽ കൈപാത്രവുമായി കാത്ത് നിൽക്കുകയും, സ്ത്രീകളും കുഞ്ഞുങ്ങളും സമൂഹത്തിന്റെ അരികിലേയ്ക്ക് മാറ്റിനിർത്തപ്പെടുകയും ചെയ്യുന്നത് അനുസ്യൂതം തുടരുന്ന കാലത്താണ് ബലിയല്ല, കരുണ എന്ന് വചനപീഠത്തിൽ നിന്നും വീണ്ടും മുഴങ്ങുന്നത്. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

## നിയമങ്ങൾ ഇഴകീറി പരിശോധിയ്ക്കുമ്പോൾ

’ഇതൊന്നും ഫയലുകളല്ല, ജീവിതങ്ങളാണ്’ എന്ന് ഏറെ പ്രതീക്ഷ നൽകിയ ഒരു പ്രസ്താവന ഓർത്ത് പോകുന്നു. പറഞ്ഞവർ തന്നെ പിന്നീട് മറന്നുപോയെങ്കിലും അത് അങ്ങനെയങ്ങ് മറന്നുപോവാൻ പാടില്ലാത്ത ഒരു വാചകമാണ്. പ്രത്യേകിച്ചും അധികാരകേന്ദ്രങ്ങളിലും സേവന മേഖലകളിലും ജോലിചെയ്യുന്നവർ. തന്റെ ഒരു ഒപ്പ് കൊണ്ട്, ഒരല്പം അധികസമയം കൊണ്ട് ഒരാളുടെ ജീവിതം പ്രതീക്ഷ കൈവരിയ്ക്കുകയാണെങ്കിൽ അതിനെക്കാൾ സുകൃതം മറ്റെന്താണ്? നിയമങ്ങൾ ഉണ്ടാക്കുമ്പോൾ, നാട്ടിലെ സാധാരണക്കാരന്റെയും ബുദ്ധിമുട്ടുന്നവന്റെയും മുഖം ഓർമ്മയുണ്ടാകണം എന്നാഗ്രഹിച്ച മനുഷ്യസ്നേഹികളായ നേതാക്കൾ ഉണ്ടായിരുന്ന നാടാണ് നമ്മുടേത്.

മനുഷ്യൻ നിയമത്തിന് വേണ്ടിയല്ലെന്നും മറിച്ച് നിയമങ്ങൾ മനുഷ്യന് വേണ്ടിയാണെന്നും അവൻ സംശയമേതുമില്ലാതെ പറയുന്നുണ്ട്. ചെരുപ്പിൻറെ പാകത്തിന് കാലു മുറിക്കുന്ന നിയമങ്ങളും ആചാരങ്ങളും മാറ്റിയെഴുതപ്പെടുന്ന ഒരു നല്ലകാലം വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സാബത്തും നിയമങ്ങളും മനുഷ്യനെ അവന്റെ സങ്കടങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനും അവന്റെ മുറിവുകളെ, പ്രത്യാശയുടെയും

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com